# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1357.

03.12.2015 -ൽ മറുപടിയ്ക്ക്

## ഉപഭോക്തൃ സംരക്ഷണ നിയമം.

ചോദ്യം
ശ്രീ. കെ. അജിത്ത്.

ഉത്തരം
ശ്രീ.അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉപഭോക്തൃ സംരക്ഷണനിയമത്തിൽ ഉപഭോക്താക്കൾ എന്ന നിർവചനത്തിന്റെ വ്യാപ്തി വ്യക്തമാക്കുമോ; (ഏതൊക്കെ തരത്തിലുള്ള ഉപഭോക്താക്കളാണ് പ്രസ്തുത നിർവചനത്തിൽ ഉൾപ്പെടുന്നത്); | (എ) | 1986 ലെ ഉപഭോക്തൃ സംരക്ഷണ നിയമ പ്രകാരം, "നിശ്ചിത വ്യവസ്ഥയിൽ വില നല്കുകയോ, ഭാഗികമായ അടവിന്റേയോ, ഉറപ്പിന്റേയോ അടിസ്ഥാനത്തിൽ, സാധനങ്ങൾ വാങ്ങുകയോ, സാധനങ്ങൾ വാഗ്ദാനം ചെയ്യപ്പെടുകയോ, സേവനങ്ങൾ നേടുകയോ, സേവനം വാഗ്ദാനം ചെയ്യപ്പെടുകയോ, ചെയ്യുന്ന വ്യക്തികളെ ഉപഭോക്താക്കൾ എന്ന് പറയപ്പെടുന്നു." എന്നാൽ ഒരു ജീവിത മാർഗ്ഗമെന്ന നിലയ്ക്ക് സ്വയം തൊഴിൽചെയ്യുന്ന വ്യക്തികളൊഴിച്ച്, വാണിജ്യ ആവശ്യങ്ങൾക്കായി സാധനം വാങ്ങുന്നയാൾ ഉപഭോക്താവിന്റെ പരിധിയിൽ വരുന്നതല്ല. |
| (ബി) | ബി എസ് എൻ എൽ - നും സമാനവുമായ കമ്പനികൾക്കെതിരെ ഉപഭോക്താക്കൾക്കുള്ള പരാതികൾ സംസ്ഥാനത്തെ ഉപഭോക്തൃ ഫോറങ്ങളിലൂടെ പരിഹരിക്കുന്നതിന് തടസ്സങ്ങൾ നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ബഹു.സുപ്രീംകോടതിയുടെ 01.09.2009 ലെ ഉത്തരവ് പ്രകാരം ബി എസ് എൻ എൽ - ഉം സമാനമായ കമ്പനികളും ടെലഗ്രാഫ് ആക്റ്റ് 1885 ( എസ് -7-ബി) ന്റെ പരിധിയിൽപ്പെടുന്നതിനാൽ, ഇവയ്ക്കെതിരായ പരാതികൾ ഉപഭോക്തൃ കോടതികളിൽ നിലനില്ക്കുന്നതല്ല. എന്നിരുന്നാലും പ്രതിഫലേച്ഛയുള്ള വ്യവഹാരങ്ങൾ ഉപഭോക്തൃ നിയമത്തിന്റെ പരിധിയിൽപ്പെടുന്നതിനാൽ, ഫോറങ്ങളിലും, കമ്മീഷനുകളിലും ബി എസ് എൻ എൽ - നും സമാന കമ്പനികൾക്കുമെതിരായ പരാതികൾ സ്വീകരിക്കപ്പെട്ടുവരുന്നുണ്ട്. |
| (സി) | ഉപഭോക്തൃ സംരക്ഷണനിയമത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് കൂടുതൽ | (സി) | ഉപഭോക്തൃ കാര്യങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കുന്ന |

| | | | |
|---|---|---|---|
| | അവബോധം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ? | | തിനായി ഹെൽപ്പ് ലൈൻ ടോൾ ഫ്രീ നമ്പരായ '1800 425 1550 ' അടങ്ങിയ സ്റ്റിക്കറുകളും, ഫലകങ്ങളും സംസ്ഥാന കമ്മീഷനിലും, ജില്ലാ ഉപഭോക്തൃ ഫോറങ്ങളിലും പ്രദർശിപ്പിച്ചു വരുന്നുണ്ട്. ഉപഭോക്തൃ സംരക്ഷണ നിയമം അവലോകനം ചെയ്യുന്ന പുസ്തകങ്ങൾ ബോധവത്ക്കരണ സെമിനാറുകളിലും സമ്മേളനങ്ങളിലും വിതരണം ചെയ്യാറുണ്ട്. തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഉപഭോക്തൃ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ കൺസ്യൂമർ ക്ലബ്ബുകൾ പ്രവർത്തിക്കുകയും ഉപഭോക്തൃ സംരക്ഷണ നിയമത്തെ കുറിച്ച് സ്കൂൾതലം മുതൽ അവബോധം നടത്തിവരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ.